# പതിനഞ്ചാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.363** **19.07.2022-ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ<br>ശ്രീ വി ശശി<br>ശ്രീ ജി എസ് ജയലാൽ<br>ശ്രീ. പി. ബാലചന്ദ്രൻ** | | **കെ.രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് അദ്ധ്യയന വർഷാരംഭത്തിൽ തന്നെ ആവശ്യപ്പെടുന്ന സാഹചര്യത്തില് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ), (ബി)& (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . 2021-22 വർഷം മുതൽ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ മാർഗനിർദേശങ്ങളിൽ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. ഇത് പ്രകാരം പട്ടികജാതി വിദ്യാർഥികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ സ്കോളർഷിപ്പ് തുക നൽകാവൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തു. ട്യൂഷൻ ഫീസ് സ്ഥാപനത്തിനു നേരിട്ട് നൽകുകയെന്ന സംസ്ഥാന സർക്കാർ വർഷങ്ങളായി തുടർന്നു വരുന്ന രീതി നിലനിർത്തുന്നതിനായി കേന്ദ്ര മാനദണ്ഡങ്ങളിൽ ഇളവു തേടി സംസ്ഥാന സർക്കാർ നിരവധി തവണ കേന്ദ്രസർക്കാരിനെ സമീപിച്ചുവെങ്കിലും പുതുക്കിയ മാർഗനിർദേശങ്ങളിൽ ഇളവു വരുത്താൻ കേന്ദ്രം തയാറായില്ല. കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള ആനുകൂല്യവും ട്യൂഷൻ ഫീസ് ഉൾപ്പെടെയുള്ള ഫീസിനങ്ങളും വിദ്യാർഥികളുടെ അക്കൗണ്ടിലേക്കു തന്നെ നൽകണമെന്നും അല്ലാത്ത പക്ഷം പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം നഷ്ടപ്പെടുമെന്നും വ്യവസ്ഥ ചെയ്യുകയുണ്ടായി. ഇതിനെ തുടർന്ന് കേന്ദ്ര വിഹിതം നഷ്ടപ്പെടാതിരിക്കുന്നതിനായി സംസ്ഥാന സർക്കാർ 2021-22 വർഷം മുതൽ പുതുക്കിയ രീതിയിലേക്ക് മാറുന്നതിന് നിർബന്ധിതമായി. പുതുക്കിയ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണ രീതിയിൽ സംസ്ഥാനത്തെ സ്വാശ്രയ മാനേജ്മെന്റുകൾ സർക്കാരിനെ അവരുടെ ആശങ്കകൾ അറിയിക്കുകയും വകുപ്പ് മന്ത്രി തലത്തിൽ സ്വാശ്രയ മാനേജ്മെന്റ് പ്രതിനിധികളുമായി ഈ വിഷയത്തിൽ |
| (ബി) | രണ്ടര ലക്ഷം രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബങ്ങളിൽ നിന്നുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പിൽ നിന്നൊഴിവാക്കിയ സാഹചര്യത്തിൽ പ്രസ്തുത വിഭാഗക്കാരുടെ വിദ്യാഭ്യാസം തുടരുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | | |
| ( സി ) | മെസ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നീ ഇനങ്ങളിൽ കേന്ദ്ര സർക്കാർ നൽകുന്ന തുക അപര്യാപ്തമായ | | |

| | | | |
|---|---|---|---|
| | സാഹചര്യത്തിൽ സംസ്ഥാന സർക്കാർ മതിയായ തുക പ്രസ്തുത ആവശ്യത്തിലേക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; അറിയിക്കാമോ? | | ചർച്ച നടത്തുകയുമുണ്ടായി. പ്രസ്തുത ചർച്ചയിൽ, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിയുടെ പുതുക്കിയ വിതരണ രീതിയുമായി സഹകരിക്കാമെന്നും സ്വാശ്രയ മാനേജ്മെന്റ് പ്രതിനിധികൾ സർക്കാരിന് ഉറപ്പ് നൽകിയിരുന്നു. ഇ-ഗ്രാന്റ്സ് അപേക്ഷാ സമർപ്പണ സമയത്തു തന്നെ അർഹതയുള്ള എല്ലാ പട്ടികജാതി വിഭാഗ വിദ്യാർഥികൾക്കും സൈറ്റിൽ നിന്നും ഫ്രീഷിപ്പ് കാർഡ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ഈ കാർഡ് മുൻകൂർ ഫീസ് അടക്കാതെ തന്നെ നിശ്ചിത സ്ഥാപനത്തിൽ പ്രവേശനം നേടുന്നതിന് വിദ്യാർഥികൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്നതാണ്. സ്ഥാപനങ്ങൾ ഫ്രീഷിപ്പ് കാർഡ് ഉള്ള വിദ്യാർഥികൾക്ക് മുൻകൂർ ഫീസ് വാങ്ങാതെ പ്രവേശനം നൽകുന്നതിനു ബാധ്യസ്ഥരുമായിരിക്കും. ഇത്തരത്തിൽ പ്രവേശനം നേടുന്ന വിദ്യാർഥികളുടെ അക്കൗണ്ടിലേക്ക് ഫീസ് തുക സർക്കാർ ക്രെഡിറ്റു ചെയ്താൽ ഏഴു ദിവസത്തിനകം സ്ഥാപനത്തിൽ ഒടുക്കാനുള്ള തുക വിദ്യാർഥികൾ ഒടുക്കിയിരിക്കണം. ഇതിനായി അപേക്ഷാ സമർപ്പണ സമയത്തു തന്നെ വിദ്യാർഥിയിൽ നിന്നും ഓൺലൈനായി കരാർ പത്രിക ലഭ്യമാക്കുന്നതുമാണ്. അത്തരത്തിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ആശങ്ക അകറ്റുവാനും പട്ടികജാതി വിദ്യാർത്ഥികളുടെ പ്രവേശനം ബുദ്ധിമുട്ടില്ലാതെ നടത്താൻ സാധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.<br>സംസ്ഥാന സർക്കാർ നേരത്തേ തന്നെ പട്ടികജാതി വിഭാഗ വിദ്യാർഥികൾക്ക് വരുമാന പരിധി പരിഗണിക്കാതെയാണ് സ്കോളർഷിപ്പ് നൽകി വരുന്നത്. പുതുക്കിയ കേന്ദ്ര മാർഗനിർദേശത്തിന്റെ പശ്ചാത്തലത്തിൽ കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപക്കു മുകളിലുള്ള പട്ടികജാതി വിദ്യാർഥികളെ സ്കോളർഷിപ്പിൽ നിന്നും കേന്ദ്ര സർക്കാർ ഒഴിവായിട്ടുണ്ടെങ്കിലും ,സംസ്ഥാന സർക്കാർ പ്രസ്തുത വിഭാഗം വിദ്യാർഥികൾക്കും അർഹമായ സ്കോളർഷിപ്പ് നൽകുന്നു. ഇതിനുള്ള ചെലവ് പൂർണമായും സംസ്ഥാന സർക്കാർ നൽകുന്നു.<br>കേന്ദ്ര സർക്കാർ മെസ് ഫീസ് , ഹോസ്റ്റൽ ഫീസ് ഇനങ്ങളിൽ പട്ടികജാതി വിഭാഗ വിദ്യാർഥികൾക്ക് മതിയായ തുക നൽകുന്നില്ല. കോഴ്സുകളെ നാല് ഗ്രൂപ്പായി തിരിക്കുകയും ഓരോ ഗ്രൂപ്പിനും ഒരു നിശ്ചിത പ്രതിവർഷ തുക നൽകുകയുമാണ് ചെയ്യുന്നത്. എന്നാൽ സംസ്ഥാന സർക്കാർ ഇതിനു പുറമേ ഹോസ്റ്റലർ ആയ എല്ലാ പോസ്റ്റ്മെട്രിക് വിദ്യാർഥികൾക്കും പ്രതിമാസം പരമാവധി 4500/- രൂപ |

| | | | |
|---|---|---|---|
| | | | (പ്രതിവർഷം 45000/-) വരെ ഹോസ്റ്റൽ ഫീസിനത്തിൽ നൽകുന്നുണ്ട്. ഇപ്പോൾ നൽകി വരുന്ന ഹോസ്റ്റൽ ഫീസ് വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ? | (ഡി) | നിലവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ/യൂണിവേഴ്സിറ്റി /അഡ്മിഷൻ ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസാനുകൂല്യങ്ങളും വർധിപ്പിച്ച നിരക്കിലുള്ള, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് മുതലായവയും അനുവദിക്കുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് കാലാകാലങ്ങളിൽ ബാബു വിജയനാഥ് കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ